# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6037** — **04.07.2019-ൽ മറുപടിക്ക്**

## ഇന്ത്യൻ റിപ്പബ്ലിക് മെമ്മോറിയൽ എൽ.പി. സ്കൂളുമായി ബന്ധപ്പെട്ട അപേക്ഷ

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി നഗരസഭയിലെ ഇന്ത്യൻ റിപ്പബ്ലിക് മെമ്മോറിയൽ എൽ.പി. സ്കൂൾ (ഐ.ആർ.എം.എൽ.പി.എസ്.) നഗര സഭയ്ക്ക് പൂർണ്ണമായി അധികാരപ്പെടുത്തി നൽകുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി നഗരസഭ സമർപ്പിച്ച അപേക്ഷയിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ, ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവരോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയും ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ വ്യക്തത വരുത്തുന്നതിനായി റവന്യൂ/ രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് രേഖകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ